**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 648** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നത്തൂർ മണ്ഡലത്തിലെ പട്ടിക ജാതി ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കുന്നത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ പത്തുവർഷത്തിനിടെ അനുവദിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കുന്നത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കഴിഞ്ഞ 10 വർഷത്തിനിടെ ആകെ 4,50,94,271/- രൂപ അനുവദിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കുന്നത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** അവശേഷിക്കുന്ന വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2025-26 സാമ്പത്തിക വർഷം കുന്നത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട 'കളത്തൂർ ഉന്നതി', പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട 'ഭജന മഠം ഉന്നതി' എന്നിവയെ തിരഞ്ഞെടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| കുന്നത്തൂർ നിയോജക മണ്ഡലം | | | | | |
|---|---|---|---|---|---|
| ക്രമ നം. | സാമ്പത്തിക വർഷം | നഗറിന്റെ പേര് | പഞ്ചായത്ത് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
| 1 | 2016-17 | അമ്പുവിള | കിഴക്കേ കല്ലട | 90,47,738/- | പൂർത്തീകരിച്ചു |
| 2 | 2016-17 | വാറുൾ പുറ്റുമൺകര | പവിത്രേശ്വരം | 95,14,037/- | പൂർത്തീകരിച്ചു |
| 3 | 2018-19 | നന്ദിശ്ശേരി നഗർ | വെസ്റ്റ് കല്ലട | 7,19,259/- | പൂർത്തീകരിച്ചു |
| 4 | 2018-19 | അംബേദ്കർ ജയന്തി | വെസ്റ്റ് കല്ലട, ശാസ്താംകോട്ട, മൈനാഗപ്പള്ളി | 10,50,291/- | പൂർത്തീകരിച്ചു |
| 5 | 2018-19 | പനമ്പിൽ നഗർ | വെസ്റ്റ് കല്ലട | 9,87,610/- | പൂർത്തീകരിച്ചു |
| 6 | 2018-19 | ചീങ്കണ്ണി കുഴി | വെസ്റ്റ് കല്ലട | 15,00,524/- | പൂർത്തീകരിച്ചു |
| 7 | 2018-19 | വയൽ നഗർ | ശൂരനാട് വടക്ക് | 23,64,891/- | പൂർത്തീകരിച്ചു |
| 8 | 2021-22 | കോവൂർ നഗർ | മൈനാഗപ്പള്ളി | 99,99,208/- | On Going |
| 9 | 2022-23 | ഇടയ്ക്കാട് ഗ്രാമം | പോരുവഴി | 99,10,713/- | On Going |